**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2519** **12-12-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതിക്കുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കേരളത്തിലെ അർഹരായ എല്ലാ ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ലക്ഷ്യത്തോടെയാണ് ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി വിവിധ ഘട്ടങ്ങളായി നടപ്പിലാക്കിവരുന്നത്.<br><br>**1. ഒന്നാംഘട്ടം** - 2016 മാർച്ച് 31-ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുമായോ ഇതര വകുപ്പുകളുമായോ കരാറിലേർപ്പെട്ട് ഭവന നിർമ്മാണം ആരംഭിക്കുകയും എന്നാൽ വിവിധ കാരണങ്ങളാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ പൂർത്തീകരണം.<br><br>**2.രണ്ടാംഘട്ടം** -2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരിൽ സ്വന്തമായി ഭൂമിയുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് ധനസഹായം .<br><br>**3.മൂന്നാംഘട്ടം**-ഭൂരഹിത ഭവനര ഹിതരായ ഗുണഭോക്താക്കൾക്ക് ഭവനസമുച്ചയങ്ങൾ വഴി ഭവനങ്ങള്നൽകുകയും കൂടാതെ, ഉപജീവന / സാമൂഹിക സുരക്ഷ ലഭ്യമാക്കുകയും ചെയ്യുക. ഇതിനു പുറമെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പുകൾ മുഖേനയും ഭൂമി വാങ്ങി നൽകുന്ന നടപടികളും പുരോഗമിക്കുന്നു. ഭൂമി ആർജ്ജിക്കുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്നു.<br><br>**4. അഡീഷണൽ ലിസ്റ്റ്**<br><br>പട്ടികജാതി/ പട്ടികവർഗ്ഗ/ ഫിഷറീസ് വിഭാഗങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് 2019-ൽ |

വകുപ്പുകൾ ലഭ്യമാക്കിയ ലിസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അർഹതാ പരിശോധന നടത്തി ഗുണഭോക്തൃ പട്ടിക അന്തിമമാക്കി ധനസഹായം നൽകിവരുന്നു.

**<u>5. ലൈഫ് 2020</u>**

27.07.2020-ലെ സ.ഉ (കൈ) നം. 112/2020/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ലഭ്യമായ ഓൺലൈൻ അപേക്ഷയിന്മേൽ അർഹതാ പരിശോധയും പുനപരിശോധനയും പൂർത്തീകരിച്ച് ഒന്നും രണ്ടുംഘട്ട അപ്പീലുകൾക്കു ശേഷം ഗ്രാമസഭ/വാർ ഡസഭയുടെ അംഗീകാരത്തോടും തദ്ദേശസ്വയംഭരണ സ്ഥാപന അംഗീകാരത്തോടുംകൂടി ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയിട്ടുണ്ട്. ടി പട്ടികയിലും അഹർരായ എസ്.സി/എസ് ടി/ ഫിഷറീസ് ഗുണഭോക്താക്കൾക്കും അതിദ രിദ്രരുടെ സർവ്വേയിലൂടെ കണ്ടെത്തിയ വീട് ആവശ്യമുള്ള ഗുണഭോ ക്താക്കൾക്കും ഭവനനിർമ്മാണാനുകൂല്യം നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**<u>മനസ്സോടിത്തിരി മണ്ണ്.</u>**

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതർക്ക് വിവിധ വകുപ്പുകൾ മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസ ത്തിനായി സർക്കാർ ആവിഷ്കരിച്ച 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിനിലൂടേയും ആർജ്ജിക്കുന്ന ഭൂമി ലഭ്യമാക്കുകയും ഭവന നിർമ്മാണാനുകൂല്യം നൽകുകയും ചെയ്യുന്നു.

**<u>ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി</u>**

ലൈഫ് മിഷൻ അനേർട്ടുമായി കൈകോർത്ത് കൊണ്ട് ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ച 500 വീടുകളെ സൗജന്യ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുത്തി. സൗജന്യമായി സൗരോ ർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതിയും അധിക വരുമാനവും ലഭ്യമാകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ ഏജൻസിയായ അനെർട്ടിന്റെ 'ഹരിത ഊർജ്ജ വരുമാന പദ്ധതി' യിൽ ഉൾപ്പെടുത്തിയാണ് ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി നടപ്പിലാക്കി വരുന്നത്. പ്രതിദിനം ശരാശരി 8 യൂണിറ്റ് വരെ ഉത്പാദിപ്പിക്കാനുള്ള രണ്ടു കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകളാണ് ഓരോ

| | | | |
|---|---|---|---|
| | | | വീട്ടുകളിലും സ്ഥാപിക്കുന്നത്. ഏകദേശം ഒരു പ്ലാന്റിന് 1.35 ലക്ഷമാണ് ചെലവ് വരുന്നത്. ലൈഫ് പദ്ധതിയിൽ നിർമാണം പൂർത്തിയായതും KSEB വൈദ്യുതി കണക്ഷൻലഭ്യമായതുമായ 500 ഭവനങ്ങളാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സൗരോ ർജ്ജ പ്ലാൻറുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി പൂർണമായും ഭവനങ്ങളിൽ ഉപയോ ഗിക്കാൻ സാധിക്കുന്നതോടൊപ്പം തന്നെ അധികം വരുന്ന വൈദ്യുതി KSEBക്ക് നൽകി വരുമാനം നേടാൻ സാധിക്കും. ഇതിനു പുറമേ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് ഇൻഡക്ഷൻ സ്റ്റൗവ് കൂടി വിതരണം ചെയ്യുന്നുണ്ട്.<br><br><u>ഇൻഷുറൻസ് ആനുകൂല്യം</u><br><br>2018 മുതൽ 2020 വരെ നിർമ്മാണം പൂർത്തീകരിച്ച 2,50,544 ലൈഫ് വ്യക്തിഗത ഭവനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി കേരള സംസ്ഥാന ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കി തുടർന്നുള്ള ഭവനങ്ങൾക്ക് ഇൻഷുറൻസ് സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br><u>ഉപജീവനം</u><br><br>ലൈഫ് ഗുണഭോക്താക്കളുടെ ഉപജീവനം ഉറപ്പുവരുത്തുന്നതിനായി തുടർപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു |
| (ബി) | പ്രസ്തുത പദ്ധതിയിൽ അനുവദിച്ച വീടുകളുടെയും ഫ്ലാറ്റുകളുടെയും വിശദാംശം ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ? | (ബി) | വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ